# പ്രസവം നിർത്തിയ സ്ത്രീ പ്രസവിച്ചാൽ കുഞ്ഞിനു സർക്കാർ ചെലവിനു കൊടുക്കണം

ദൽഹി: ശസ്ത്രക്രിയാ ക്യാമ്പുകളിലും സർക്കാർ ആശുപത്രികളിലും വച്ചു നടത്തുന്ന വന്ധ്യംകരണ ശസ്ത്രക്രിയ പരാജയപ്പെടുകയും ശസ്ത്രക്രിയ ചെയ്യപ്പെട്ട സ്ത്രീ പിന്നീട് ഗർഭിണിയായി പ്രസവിക്കുകയും ചെയ്താൽ ശസ്ത്രക്രിയ പരാജയപ്പെട്ടതിന്റെ പൂർണ ഉത്തരവാദിത്വം സർക്കാരിനാണെന്ന് സുപ്രീം കോടതി ഡിവിഷൻ ബെഞ്ച് വിധിച്ചിരിക്കുന്നു. ഇങ്ങനെ ജനിക്കുന്ന കുട്ടി പ്രായപൂർത്തിയാകും

വരെ ആ കുട്ടിക്ക് സർക്കാർ ചെല
വിനു കൊടുക്കണമെന്നും കോടതി
തീർപ്പ് കല്പിച്ചു.

ഡോക്ടർമാരുടെ അശ്രദ്ധയ്ക്കും അ
നാസ്ഥയ്ക്കുമെതിരേ ഇന്ത്യയിലുണ്ടാ
യിട്ടുള്ള കോടതിവിധികളിൽ ഏറ്റ
വും ശ്രദ്ധാർഹവും ദൂരവ്യാപകവുമാ
യ ഫലങ്ങൾ ഉണ്ടാക്കുന്നതുമാണ് ജ
സ്റ്റിസ് സാഗിർ അഹമ്മദും സി.പി
വാധ്യയും ചേർന്നു പുറപ്പെടുവിച്ച
ഈ വിധി.